**കേരള സർക്കാർ**

**സംഗ്രഹം**

പങ്കാളിത്ത പെൻഷൻ പദ്ധതി- സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ആശ്വാസ ധനസഹായം - അപേക്ഷകർ സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ചും തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ചും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**ധനകാര്യ (പെൻഷൻ-എ) വകുപ്പ്**

സ.ഉ (പി) നം.**97/2018**/ധന. തിരുവനന്തപുരം, തീയതി, **23.06.2018**

==================================================================

പരാമർശം:- (1) സ.ഉ (പി) നം. 20/2013/ധന. തീയതി, 07.01.2013
(2) സ.ഉ(പി) നം. 126/2016/ധന. തീയതി, 31.08.2016
(3) സ.ഉ(പി)നം. 141/2017/ധന. തീയതി, 08.11.2017
(4) സ.ഉ (സാധാ) നം.1576/2018/ധന. തീയതി, 01.03.2018

**ഉത്തരവ്**

പരാമർശം (1) ഉത്തരവ് പ്രകാരം സംസ്ഥാനത്ത് നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാർക്ക് കുടുംബ പെൻഷന് അർഹതയില്ലാത്ത സാഹചര്യത്തിൽ ടി വിഭാഗം ജീവനക്കാർ സർവ്വീസിലിരിക്കെ മരണമടയുന്ന പക്ഷം ആശ്രിതന് ആശ്വാസധന സഹായം അനുവദിച്ചു കൊണ്ട് പരാമർശം (2) പ്രകാരവും, പ്രസ്തുത ധനസഹായം അനുവദിക്കുന്നതിനുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പ്രതിപാദിച്ചു കൊണ്ട് സൂചന (3) പ്രകാരവും സർക്കാർ ഉത്തരവു പുറപ്പെടുവിച്ചിരുന്നു. ആശ്വാസ ധനസഹായം ലഭിക്കുന്നതിനുവേണ്ടി അപേക്ഷകർ സമർപ്പിക്കേണ്ട രേഖകളെ സംബന്ധിച്ച് പ്രസ്തുത ഉത്തരവുകളിലൊന്നും തന്നെ പരാമർശിച്ചിരുന്നില്ല. മേൽ സാഹചര്യത്തിൽ ആശ്വാസ ധനസഹായം ലഭ്യമാക്കുന്നതിന് വേണ്ടി അപേക്ഷകർ സമർപ്പിക്കേണ്ട രേഖകളെ സംബന്ധിച്ചും തുക അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ചും സൂചന ഉത്തരവുകളുടെ തുടർച്ചയായി പ്രത്യേകം ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) അപേക്ഷകർ താഴെ പറയുന്ന രേഖകൾ സഹിതം ജീവനക്കാരൻ മരണപ്പെടുന്ന സമയത്ത് സേവനമനുഷ്ഠിച്ച ഓഫീസിലെ മേധാവിക്ക് നൽകേണ്ടതും ഓഫീസ് മേധാവി ജീവനക്കാരന്റെ അവസാന ശമ്പള സാക്ഷ്യപത്രത്തിന്റെ (LPC) ഒരു പകർപ്പ് സഹിതം ഉചിതമാർഗ്ഗേന അപേക്ഷയും അനുബന്ധ രേഖകളും ധനകാര്യ (എൻ.പി.എസ്.സെൽ) വകുപ്പിൽ ലഭ്യമാക്കേണ്ടതാണ്.

(1) സൂചന (3) ഉത്തരവിന് അനുബന്ധമായി നൽകിയിരിക്കുന്ന അപേക്ഷാഫോറം
(2) സൂചന (3) ഉത്തരവിലെ സത്യപ്രസ്താവനയിൽ സാധുവായത്.
(3) നിയമാനുസൃതമായ അവകാശ സർട്ടിഫിക്കറ്റ്.
(4) മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
(5) ഡിസ്ക്രിപ്റ്റീവ് റോൾ & ഐഡന്റിഫിക്കേഷൻ പർട്ടിക്കുലേഴ്സ്.

3) ആശ്വാസ ധനസഹായത്തിനുള്ള അപേക്ഷകൾ ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ് പ്രത്യേകമായി പരിശോധിച്ച് സൂചന (3) ഉത്തരവിലെ ഖണ്ഡിക (5) ന് വിധേയമായി ഓരോ അപേക്ഷയ്ക്കും മരണപ്പെട്ട ജീവനക്കാരന്റെ PEN നമ്പർ കൂടി ചേർത്തു കൊണ്ട് ഒരു നമ്പർ നല്കുകയും, തുക അനുവദിച്ച് പ്രത്യേകമായി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യേണ്ടതാണ്. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പിൽ നിന്നും ഉത്തരവ് ലഭിക്കുന്നതനുസരിച്ച് ബന്ധപ്പെട്ട ട്രഷറി ഓഫീസർ "2071 -01- 117-90 (NV) Compassionate Assistance to the dependants of employee who died while in service and who enrolled under National Pension System" എന്ന പരാമർശം (4) ഉത്തരവ് പ്രകാരമുള്ള ശീർഷകത്തിൽ നിന്നും ആശ്രിതരുടെ ബാങ്ക്/ ട്രഷറി അക്കൗണ്ട് മുഖേന തുക വിതരണം ചെയ്യേണ്ടതാണ്. സൂചന (3) ഉത്തരവിലെ ഖണ്ഡിക (13)ൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ധനസഹായം സ്വീകരിക്കുന്ന വ്യക്തി വർഷാവർഷം ലഭ്യമാക്കുന്നുണ്ടെന്നു ട്രഷറി ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
**കെ.രാജശ്രീ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് :-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ ( ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
5. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
6. ധനകാര്യ (എൻ.പി.എസ്-സെൽ) വകുപ്പ്
7. നോഡൽ ഓഫീസർ www.finance.kerala.gov.in
8. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Sreelekha

**സെക്ഷൻ ഓഫീസർ**